DESPATCHED
On 05/12/22

07/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1577(7)/2014**/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9244**/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ശെൽവി,
കൊളപ്പടി ഊര്,
പാലൂർ (പി.ഒ), അട്ടപ്പാടി,
പാലക്കാട് – 678 582. — അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
അഗളി ഗ്രാമപഞ്ചായത്ത്,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്,
പാലക്കാട്.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്,
പാലക്കാട്.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.12.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.02.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.03.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.06.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.06.2014 |
| ഹിയറിംഗ് നടന്ന തീയതി | 03.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹരജിക്കാരിയായ ശ്രീമതി. ശെൽവി 16.06.2014 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 20.06.2014 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1577(7)/2014/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും, എന്നാൽ ഒന്നാം അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 11.12.2013 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

സരസിമുക്ക് പ്രദേശത്ത് വാർഡ്-6(പഴയ വാർഡ്-4)-ൽ ഭവന നിർമാണ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പേര് വിവരം 2000 വർഷം മുതൽ 2005 വർഷം വരെ ഉള്ളവർ എന്നും

1. പുതിയ ഭവന നിർമ്മാണ ആനുകൂല്യം ലഭിച്ചവർ എത്രയാൾക്കാർ അവരുടെ പേരും
2. പൂർത്തികരിച്ചത് എത്രയെന്നും
3. പൂർത്തികരിക്കാത്തത് എത്രയെന്നും
4. ഓരോ ആളും എത്ര എത്ര ഗഡുക്കൾ കൈപ്പറ്റി മേൽപറഞ്ഞ വർഷങ്ങളിൽ VEO ആരെല്ലാംമായിരുന്നുവെന്നും വിവരങ്ങൾ രേഖാമൂലം അറിയിക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 10.01.2014-ന് ഹർജിക്കാരിക്ക് മറുപടിയും നൽകിയിട്ടുണ്ട്.

4. 06.02.2014 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് രണ്ടാം എതിർകക്ഷിക്ക് 20.03.2014 തീയതി മറുപടിയും നൽകിയിട്ടുണ്ട്.

5. 23/07/2014 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അഗളി ഗ്രാമപഞ്ചായത്ത് സരസിമുക്ക് പ്രദേശത്ത് (വാർഡ് 6ൽ) 2000 മുതൽ 2005 വരെയുള്ള കാലത്ത് ഭവന നിർമ്മാണ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ ചോദിച്ചതിന് മറുപടി ലഭിച്ചില്ലെന്ന് പറഞ്ഞാണ് അപ്പീൽ സമർപ്പിച്ചിരുന്നതെന്നും, ടി വിഷയവുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷിയേയും അപ്പീൽവാദിയേയും 12.03.2014-ന് നേരിൽ കേൾക്കുന്നതിന് കത്ത് നൽകിയിരുന്നെന്നും ഹർജിക്കാരിക്ക് വേണ്ടി ഭർത്താവ് കൃഷ്ണനും ഒന്നാം എതിർകക്ഷിയും അന്നേ ദിവസം ഹാജരായി മൊഴി നൽകിയിരുന്നെന്നുമാണ്.

വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷക്ക് മറുപടി ലഭിച്ചെങ്കിലും പൂർണ്ണമായും വിവരങ്ങൾ നൽകിയിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നും ഹർജിക്കാരി അന്വേഷണ വേളയിൽ അറിയിച്ചിരുന്നുവെന്നും, അപ്പീൽവാദി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട 2000 മുതൽ 2005 വരെയുള്ള കാലയളവിൽ ഭവന നിർമ്മാണ ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക് പഞ്ചായത്ത് സെക്രട്ടറിയാണെന്നും മേൽ കാലയളവിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരു വിവരങ്ങൾ അറിയുവാൻ ബ്ലോക്ക് പഞ്ചായത്തിൽ ബന്ധപ്പെടേണ്ടതാണെന്ന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സറ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷിക്ക് സമയബന്ധിതമായി വിവരം നൽകിയിട്ടുണ്ടെന്ന് അന്വേഷണ വേളയിൽ ഒന്നാം എതിർകക്ഷി അറിയിച്ചിരുന്നു.

അപ്പീൽവാദി ആവശ്യപ്പെട്ട വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇല്ലെങ്കിൽ ടി അപേക്ഷ സെക്ഷൻ 6(3) പ്രകാരം ബ്ലോക് പഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറാത്ത സാഹചര്യത്തിലാണ് പ്രസ്തുത വിവരങ്ങൾ ഓഫീസിൽ ഉണ്ടോ എന്ന് ഒന്നുകൂടി പരിശോധിച്ച് മറുപടി നൽകുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയിരുന്നതെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർ കക്ഷിയെ കേട്ടതിലും, ഹർജിക്കാരി ആവശ്യപ്പെട്ട വിവരത്തിനു വ്യക്തമായ മറുപടി അയച്ചു കൊടുക്കണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് 04/01/2022-നു കമ്മീഷനിലേയ്ക്കു അയച്ചു നൽകിയതിനാൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം **2022 ജനുവരി 7-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

AV